# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*289** **08.11.2019 ൽ മറുപടിയ്ക്ക്**

**കൃഷിഭൂമി തരിശിടുന്ന പ്രവണത**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) കൃഷിഭൂമി തരിശിടുന്ന പ്രവണത തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ; | എ) കൃഷിഭൂമി തരിശിടുന്ന പ്രവണത തടയാനായി ഈ സർക്കാർ തരിശു നിലങ്ങളിൽ നെല്ല്, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.<br>കൂടാതെ സമഗ്ര നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഒരു പ്രധാന ഘടകമായ തരിശുനിലത്തിലെ നെൽകൃഷി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും, മൂന്നാം വർഷം 4,500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800/- രൂപയും 1,200/- രൂപയും, മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനു വ്യവസ്ഥയുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം കൃഷിയിലേക്ക് കൊണ്ടുവന്നു (2016-17 ൽ 2782.3857 ഹെക്ടറും 2017-18 ൽ 5485.686 ഹെക്ടറും, 2018-19 ൽ 3668.0064 ഹെക്ടറും). നടപ്പു വർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും.<br>തരിശു നിലത്തിൽ കൃഷി ചെയ്യുന്ന കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികൾ മുഖേന ലഭ്യമാകുന്ന സഹായം ഉറപ്പ് വരുത്തുകയും ദേശീയ തൊഴിലുറപ്പ് പദ്ധതി, കാർഷിക കർമ്മസേന, അഗ്രോ സർവീസ് സെന്റർ തുടങ്ങിയവയിലൂടെ ലഭ്യമാകുന്ന സഹായം കൂടി വിനിയോഗിച്ച് കൊണ്ട് പരമാവധി തരിശു നിലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000/- രൂപയാണ് ധനസഹായം നൽകുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000/- രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000/- രൂപയുമാണ് നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 696.11 ഹെക്ടറിലും 2017-18 സാമ്പത്തിക വർഷത്തിൽ 998 ഹെക്ടറിലും 2018-19 സാമ്പത്തിക വർഷത്തിൽ 783.605 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ബി) അത്തരം ഭൂമിയുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

ബി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 57522 ഹെക്ടർ തരിശുഭൂമി ഉണ്ട്.

| ജില്ല | തരിശിന്റെ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 2861 |
| കൊല്ലം | 2436 |
| പത്തനംതിട്ട | 3644 |
| ആലപ്പുഴ | 1820 |
| കോട്ടയം | 4177 |
| ഇടുക്കി | 1667 |
| എറണാകുളം | 7999 |
| തൃശ്ശൂർ | 8341 |

| | |
|---|---|
| പാലക്കാട് | 8365 |
| മലപ്പുറം | 6304 |
| കോഴിക്കോട് | 1878 |
| വയനാട് | 2437 |
| കണ്ണൂർ | 3718 |
| കാസർഗോഡ് | 1875 |

സി) അതിൽ എത്രത്തോളം കൃഷിയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ?

സി) 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം നെൽ കൃഷിയിലേക്കും 2477.715 ഹെക്ടർ സ്ഥലം പച്ചക്കറി കൃഷിയിലേക്കും കൊണ്ടുവരുവാൻ സാധിച്ചു (2016-17 ൽ 2782.3857 ഹെക്ടർ നെൽ കൃഷിയും, 696.11 ഹെക്ടറിൽ പച്ചക്കറി കൃഷിയും ചെയ്തു. 2017-18 വർഷത്തിൽ 5485.686 ഹെക്ടർ നെൽ കൃഷിയും, 998 ഹെക്ടറിൽ പച്ചക്കറി കൃഷിയും നടപ്പിലാക്കി. 2018-19 സാമ്പത്തിക വർഷത്തിൽ 3668.0064 ഹെക്ടറിൽ നെൽ കൃഷിയും 783.605 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും ചെയ്തു). നടപ്പു വർഷം 3000 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയും, 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുവാനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

Maya P

**സെക്ഷൻ ഓഫീസർ**